**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ)നം.1717/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

---

പരാമർശം :- 1. ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 310/15 നമ്പർ റിപ്പോർട്ട്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 01.02.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/411/2015/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 31.08.2018 തീയതിയിലെ വി3-6482/16 നമ്പർ കത്ത്.

**ഉത്തരവ്**

3/2015 കാലയളവിൽ ടൗൺ പ്ലാനർ ( വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭയുടെ ബി. എ -160/11-12 നമ്പർ ഫയൽ പ്രകാരം കെട്ടിടത്തിന് 28/12/2012 തീയതിയിൽ പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേട് കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നല്കുകയും ഉണ്ടായി.

2. ശ്രീ. രഘുരാമൻ ഗുരുവായൂർ നഗരസഭയിൽ നിന്നും 27/10/2012 തീയതിയിൽ വിടുതൽ ചെയ്തിട്ടുള്ളതാണെന്നും ഈ കെട്ടിട പെർമിറ്റ് അനുവദിച്ച കാലയളവിൽ (29/10/2012 മുതൽ 01/11/2013 വരെ) ടിയാൻ ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നും പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കാവുന്നതാണെന്ന് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ക്രമക്കേട് നടന്ന കാലയളവിൽ ശ്രീ. രഘുരാമൻ ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നുവെന്ന വസ്തുത പരിഗണിച്ച് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.